**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4101** **28-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു. പീഡനക്കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു. പീഡനക്കേസിലെ അതിജീവിത ഡോക്ടർമാർക്കെതിരെ നടപടി ആവശ്യപ്പെട്ട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. അതിജീവിതയെ പരിശോധിക്കുവാൻ എത്തിയപ്പോൾ ഡോ. കെ വി പ്രീതിക്കൊപ്പം ഫാത്തിമ ബാനു എന്ന മറ്റൊരു ഡോക്ടർ ഉണ്ടായിരുന്നില്ല എന്ന അതിജീവിതയുടെയും ബന്ധുക്കളുടെയും ആശുപത്രി ജീവനക്കാരായ മൂന്ന് പേരുടെയും മൊഴി ACP റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവരെ പറഞ്ഞയച്ച, ആയതിന് നിർദ്ദേശം കൊടുത്ത ആളുകൾക്കെതിരെ നടപടി എടുക്കണം എന്നും, ഡോ. കെ. വി. പ്രീതിക്കെതിരെ നടപടി എടുക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പൊലീസിന് നിർദ്ദേശം നൽകണമെന്നും അതുപോലെ കള്ള മൊഴി രേഖപ്പെടുത്തിയ (തന്നെ പരിശോധിക്കാൻ ഡോ.പ്രീതിക്കൊപ്പം വന്നു) ഒരു രേഖയിലും ഇല്ലാത്ത ആളെന്ന രീതിയിൽ ഫാത്തിമ ബാനുവിനെതിരെയും നടപടി എടുക്കാൻ മെഡിക്കൽ കോളേജ് അധികൃതർ തയ്യാറാകണം എന്നും ഡോ. കെ. വി. പ്രീതിക്കെതിരെയും ഡോ. ഫാത്തിമ ബാനുവിനെതിരെയും നടപടി എടുക്കുന്നതിനു പോലീസിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകണമെന്നുമാണ് അതിജീവിത 10.06.2024 -ലെ പരാതി പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത പരാതിയിന്മേൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | അതിജീവിതയുടെ പരാതിയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി, ഡോ. പ്രീതി, ഡോ. ഫാത്തിമാ ബാനു കെ എന്നിവരിൽ നിന്നും ഇക്കാര്യം സംബന്ധിച്ച് വിശദീകരണം സമർപ്പിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ